141 (722) ജനകീയാസൂത്രണ പദ്ധതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കാൻ കാരണമെന്ത്;

(സി) റിപ്പോർട്ട് ലഭിച്ചില്ലെങ്കിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

142 (723) വീട് നിർമ്മിച്ച് നൽകിയതിലെ അഴിമതി

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിലെ ചെട്ടികുളങ്ങര പഞ്ചായത്തിൽ 11-ാം വാർഡിൽ പുകുവന പടിറ്റതിൽ ശ്രീ രാമചന്ദ്രൻ ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ഭൂമി വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയിൽ നിർമ്മിതി കേന്ദ്രം പണിക്ക് നൽകിയ വീടിന്റെ നിർമ്മാണത്തിനുള്ള ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കുമോ?

ഉത്തരം

പരാതി ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്.

143 (724) കൊല്ലം നഗരസഭയിൽ ശുചീകരണജോലി ചെയ്യുന്ന ബി. എൽ.ആർ. തൊഴിലാളികൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരസഭയിൽ ശുചീകരണജോലി ചെയ്യുന്ന എത്ര ബി.എൽ.ആർ. തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പ്രതിദിന വേതനം എത്രയാണ്;

(സി) ഇവരിൽ അഞ്ചു വർഷത്തിലേറെക്കാലമായി ഈ തൊഴിൽ ചെയ്യുന്നവർ എത്രപേരുണ്ട്;

(ഡി) നഗരസഭയിൽ ശുചീകരണ വർക്കർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഇ) ബി.എൽ.ആർ. തൊഴിലാളികൾ ജോലിസ്ഥിരത ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly